പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട

ചോദ്യം നം : 270

28.01.2014-ൽ മറുപടി

നൽകേണ്ടത്

## ഹാരിസൺ മലയാളം പ്ലാന്റേഷൻ കമ്പനിയുടെ ഭൂമി

ചോദ്യം

ശ്രീ. ബി.ഡി.ദേവസ്സി

" ഇ.പി.ജയരാജൻ

" പി.കെ.ഗുരുദാസൻ

" കെ.കെ.ജയചന്ദ്രൻ

ഉത്തരം

ശ്രീ.അടൂർ പ്രകാശ്

(റവന്യൂവും കയറും വകുപ്പ് മന്ത്രി)

(എ) ഹാരിസൺ മലയാളം പ്ലാന്റേഷൻ കമ്പനിയുടെ ഭൂമി ഏറ്റെടുക്കുന്ന പ്രവർത്തനങ്ങളുടെ നിലവിലെ അവസ്ഥയെന്താണ്; വ്യക്തമാക്കാമോ ;

(എ) M/s. ഹാരിസൺ മലയാളം ലിമിറ്റഡിന്റെ കൈവശമുള്ള സർക്കാർ ഭൂമി ഏറ്റെടുക്കുന്നതിനായി നിയോഗിച്ചിട്ടുള്ള സ്പെഷ്യൽ ഓഫീസർ & കളക്ടറുടെ നേതൃത്വത്തിൽ ടി കമ്പനി ഭൂമി കൈവശം വയ്ക്കുന്ന കൊല്ലം, പത്തനംതിട്ട, കോട്ടയം, ഇടുക്കി എന്നീ 4 ജില്ലകളിൽ 1961- ലെ KLC Rule (6) പ്രകാരമുള്ള സ്ഥലപരിശോധന പൂർത്തിയായിട്ടുണ്ട്. ആദ്യ നടപടിയായി ടി ജില്ലകളിൽ ഉൾപ്പെടുന്ന 1600/1923-ാം നമ്പർ Indenture- ൽ നിന്നും ടി കമ്പനി വില്പന നടത്തിയ ശേഷം ബാക്കിയുള്ള 18466.73 ഏക്കർ സർക്കാർ ഭൂമിയിൽ നിന്നും ഒഴിപ്പിക്കാതിരിക്കാൻ കാരണമെന്തെങ്കിലും ഉണ്ടെങ്കിൽ 18.02.2014- ന് മുമ്പ് ബോധിപ്പിക്കാൻ ആവശ്യപ്പെട്ടുകൊണ്ടുള്ള നോട്ടീസ് 18.01.2014- ന് കമ്പനിക്ക് രജിസ്റ്റേർഡ് തപാലിൽ അയച്ചിട്ടുണ്ട്. സംസ്ഥാനത്ത് കൊല്ലം, പത്തനംതിട്ട, കോട്ടയം, ഇടുക്കി, തൃശ്ശൂർ, വയനാട് എന്നീ ജില്ലകളിലായി

| | |
|---|---|
| | 60,000 ഏക്കറോളം ഭൂമി ടി കമ്പനി കൈവശം വയ്ക്കുന്നതിനാൽ ഘട്ടം ഘട്ടമായി ട്ടാണ് നടപടി സ്വീകരിക്കുന്നത്. Form 8 നോട്ടീസുകളുടെ അടിസ്ഥാനത്തിൽ ടി കമ്പനിയെ നേരിൽ കേട്ട ശേഷം തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) ഇതു സംബന്ധിച്ച് കോടതികളിൽ നട ക്കുന്ന കേസ്സുകളിൽ സംസ്ഥാനത്തിന്റെ താല്പര്യം സംരക്ഷിക്കാൻ കഴിയുന്നുണ്ടോ ; | (ബി) ഉണ്ട്. |
| (സി) കമ്പനി കോടതികളിൽ തെളി വിനായി നൽകിയിട്ടുള്ള ഭൂരേഖകൾ വിജി ലൻസ് വകുപ്പ് പരിശോധിക്കുകയുണ്ടായോ; രേഖകൾ വ്യാജമായി നിർമ്മിച്ചതാണെന്ന് വിജിലൻസ് കണ്ടെത്തിയിട്ടുണ്ടോ; | (സി) വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയുടെ പ്രാഥമിക അന്വേഷണത്തിൽ നിരവധി സുപ്രധാന രേഖകൾ പരിശോധി ക്കുകയും അവയിൽ പലതും വ്യാജമാണെന്ന് കണ്ടെത്തുകയും ചെയ്തതിന്റെ അടിസ്ഥാന ത്തിലാണ് വിജിലൻസ് കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതും വിശദമായ അന്വേഷണം നടത്തി വരുന്നതും. കമ്പനി, കോടതികളിൽ തെളിവിനായി നൽകിയിട്ടുള്ള ഭൂരേഖകൾ ഉൾപ്പെടെ പ്രസക്തമായ എല്ലാ രേഖകളും വിജിലൻസ് കേസിന്റെ അന്വേഷണ വേളയിൽ ശേഖരിക്കുന്നതും പരിശോധിക്കു ന്നതുമാണ്. |
| (ഡി) ഇത് സംബന്ധിച്ച വിജിലൻസ് റിപ്പോർട്ട് റവന്യൂ വകുപ്പിന് ലഭിച്ചിട്ടുണ്ടോ; | (ഡി) ഉണ്ട്. |
| (ഇ) വിജിലൻസ് സമർപ്പിച്ച റിപ്പോർട്ടിൽ വ്യാജരേഖ ചമയ്ക്കുന്നതിലും തെറ്റായ രേഖകൾ കോടതിയിൽ സമർപ്പിക്കുന്നതിലും റവന്യൂ ഉദ്യോഗസ്ഥർക്ക് പങ്കുളളതായി പരാമർശമുണ്ടോ; വിശദമാക്കാമോ; | (ഇ) വിജിലൻസ് & കറപ്ഷൻ ബ്യൂറോയുടെ പ്രാഥമികാന്വേഷണത്തിൽ രജിസ്ട്രേഷൻ വകുപ്പിലെ 4 ഉദ്യോഗസ്ഥർ പ്രഥമ ദൃഷ്ട്യാ ഉൾപ്പെട്ടിട്ടുള്ളതായി കണ്ടെത്തുകയും ഇവരെ |

| | |
|---|---|
| | കൂടി പ്രതികളാക്കി വിജിലൻസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരികയാണ്. |
| (എഫ്) ഇതു സംബന്ധിച്ച് റവന്യൂവകുപ്പ് സ്വീകരിച്ച നടപടി എന്തെല്ലാമാണെന്ന് വിശദമാക്കാമോ? | (എഫ്) HML സംബന്ധിച്ച വിഷയം ചർച്ച ചെയ്യുന്നതിലേയ്ക്കായി റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ 18.01.2014- ന് യോഗം ചേർന്നു. HML കമ്പനിയുടെ സാമ്പത്തിക കാര്യങ്ങളുംകൂടി അന്വേഷണ പരിധിയിൽ വരുത്തുന്ന കാര്യം പരിശോധിച്ചുവരുന്നു . |

സെക്ഷൻ ഓഫീസർ